**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 119** **11-09-2023 - ൽ മറുപടിയ്ക്ക്**

**സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നതിന് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. ടി.ഐ.മധുസൂദനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നത് വഴി സുസ്ഥിരമായ സാമൂഹിക നിർമിതി ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രത്യേക പദ്ധതി സ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ പ്രവർത്തനലക്ഷ്യം എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്ന പദ്ധതികൾ രൂപീകരിക്കുന്ന കാര്യത്തിലും ഫലപ്രദമായ നിർവഹണത്തിന്റെ മേഖലയിലും പിന്തുണാസംവിധാനങ്ങൾ ഒരുക്കുന്ന കാര്യത്തിലും വിദ്യാലയവും സമൂഹവും തമ്മിലുള്ള പരസ്പര ബന്ധം ഊട്ടിയുറപ്പിക്കുന്നതിലും പൊതുവിദ്യാഭ്യാസ വകുപ്പ് നിതാന്ത ശ്രദ്ധ പുലർത്തുന്നുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.<br><br>i) പൊതുവിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള വിവിധ നടപടികൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷനും അതിന്റെ തുടർച്ചയായി വിദ്യാകിരണവും സ്വീകരിച്ചുവരുന്നു. മിഷനും പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നതിനുതകുന്നവയാണ്.<br><br>ii) പൊതു സമൂഹത്തിന്റെ പിന്തുണയും സഹായവും നേടിയാണ് പല സ്കൂളുകളിലും സ്കൂൾ കെട്ടിടങ്ങൾ, മെച്ചപ്പെട്ട ക്ലാസ് മുറികൾ, കളിസ്ഥലങ്ങൾ, ലബോറട്ടറികൾ, സ്കൂൾ ലൈബ്രറികൾ, ആധുനിക രീതിയിലുള്ള അടുക്കള സൗകര്യം തുടങ്ങിയവ നിർമ്മിച്ചിട്ടുള്ളത്. സ്കൂൾ പ്രവേശനോത്സവം, പഠനോത്സവം, സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സമൂഹപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലകളിലും നടന്നുവരുന്ന ലഹരി വിരുദ്ധ കാമ്പയിനുകളിലും പാഠ്യപദ്ധതി ജനകീയ ചർച്ചകളിലും സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെയും പൊതുജനങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. വിവിധ പദ്ധതികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.<br><br>iii) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം കേരളത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും സ്കൂൾ മാനേജ് മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് . ജനപ്രതിനിധികളും സമൂഹത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും രക്ഷിതാക്കളും വിദ്യാർത്ഥികളും പ്രതിനിധികളായ സ്കൂൾ മാനേജ് മെന്റ് കമ്മിറ്റികൾ വിദ്യാലയത്തിന്റെ സവിശേഷമായ ഒരു ജനകീയ ഘടകമാണ്. അധ്യാപക-രക്ഷകർതൃസംഘടന വിദ്യാലയ സാമൂഹിക പാരസ്പര്യത്തിന്റെ മറ്റൊരു ഉദാഹരണമാണ്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം സുരക്ഷിതവും സുഗമവുമായ വിദ്യാലയ അന്തരീക്ഷം നിലനിർത്തുന്നതിന് അദ്ധ്യാപക-രക്ഷകർതൃ സംഘടനയ്ക്ക് ഉത്തരവാദിത്തമുണ്ട്. സ്കൂൾ മാനേജ് മെൻറ് കമ്മിറ്റികളും അദ്ധ്യാപക രക്ഷകർതൃസംഘടനകളും സുതാര്യമായ വിദ്യാലയ സംഘാടനം ഉറപ്പുവരുത്തുന്നു. സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യത്തിന് ഏറ്റവും വലിയ ഉദാഹരണമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയം. ഇതിന്റെ ഫലമെന്നോണം പൊതു വിദ്യാഭ്യാസ രംഗം ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. തത്ഫലമായി പൊതു വിദ്യാലയങ്ങളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിലുണ്ടായ അനുകൂലമായ മാറ്റം പൊതു വിദ്യാലയങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് വേണ്ടി സ്വീകരിച്ച ജനകീയമായ രീതി ശാസ്ത്രം വിദ്യാലയങ്ങളുടെയും സമൂഹത്തിന്റെയും പാരസ്പര്യത്തിന് മറ്റൊരു ഉദാഹരണമാണ്. |
| (ബി) | സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കി വരുന്നുണ്ട്; പദ്ധതി പ്രവർത്തനത്തിനായി മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി | (ബി) | പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്ന പദ്ധതികൾ രൂപീകരിക്കുന്ന കാര്യത്തിലും ഫലപ്രദമായ നിർവഹണത്തിന്റെ മേഖലയിലും |

ബന്ധപ്പെട്ടവർക്ക് ആവശ്യമായ പരിശീലനം നൽകയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

പിന്തുണാസംവിധാനങ്ങൾ ഒരുക്കുന്ന കാര്യത്തിലും വിദ്യാലയവും സമൂഹവും തമ്മിലുള്ള പരസ്പര ബന്ധം ഊട്ടിയുറപ്പിക്കുന്നതിലും പൊതുവിദ്യാഭ്യാസ വകുപ്പ് നിതാന്ത ശ്രദ്ധ പുലർത്തുന്നുണ്ട്. ഇത്തരത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ നൽകുന്നു.

i) പൊതുവിദ്യാലയങ്ങളുടെ ഭൗതികവും അക്കാദമികവുമായ വികസനത്തിന് സമൂഹ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള വിവിധ നടപടികൾ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മിഷനും അതിന്റെ തുടർച്ചയായി വിദ്യാകിരണവും സ്വീകരിച്ചുവരുന്നു. മിഷനും പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങളും നടപ്പിലാക്കുന്ന പദ്ധതികളിൽ പലതും സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യം ഊട്ടിയുറപ്പിക്കുന്നതിനുതകുന്നവയാണ്.

ii) പൊതു സമൂഹത്തിന്റെ പിന്തുണയും സഹായവും നേടിയാണ് പല സ്കൂളുകളിലും സ്കൂൾ കെട്ടിടങ്ങൾ, മെച്ചപ്പെട്ട ക്ലാസ് മുറികൾ, കളിസ്ഥലങ്ങൾ, ലബോറട്ടറികൾ, സ്കൂൾ ലൈബ്രറികൾ, ആധുനിക രീതിയിലുള്ള അടുക്കള സൗകര്യം തുടങ്ങിയവ നിർമ്മിച്ചിട്ടുള്ളത്. സ്കൂൾ പ്രവേശനോത്സവം, പഠനോത്സവം, സോഷ്യൽ ഇൻക്ലൂഷൻ പ്രോഗ്രാം, അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ സമൂഹപങ്കാളിത്തത്തോടെയാണ് നടപ്പിലാക്കുന്നത്. എല്ലാ ജില്ലകളിലും നടന്നുവരുന്ന ലഹരി വിരുദ്ധ കാമ്പയിനുകളിലും പാഠ്യപദ്ധതി ജനകീയ ചർച്ചകളിലും സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ളവരുടെയും പൊതുജനങ്ങളുടെയും സജീവമായ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ഇത്തരം പദ്ധതികൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. വിവിധ പദ്ധതികൾ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് പ്രവർത്തന മാർഗ്ഗരേഖ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

iii) വിദ്യാഭ്യാസ അവകാശ നിയമം അനുശാസിക്കും വിധം കേരളത്തിലെ എല്ലാ സർക്കാർ വിദ്യാലയങ്ങളിലും സ്കൂൾ മാനേജ് മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് . ജനപ്രതിനിധികളും സമൂഹത്തിലെ വിദ്യാഭ്യാസ പ്രവർത്തകരും രക്ഷിതാക്കളും

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളും പ്രതിനിധികളായ സ്കൂൾ മാനേജ് മെന്റ് കമ്മിറ്റികൾ വിദ്യാലയത്തിന്റെ സവിശേഷമായ ഒരു ജനകീയ ഘടകമാണ്. അധ്യാപക-രക്ഷകർതൃസംഘടന വിദ്യാലയ സാമൂഹിക പാരസ്പര്യത്തിന്റെ മറ്റൊരു ഉദാഹരണമാണ്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനോടൊപ്പം സുരക്ഷിതവും സുഗമവുമായ വിദ്യാലയ അന്തരീക്ഷം നിലനിർത്തുന്നതിന് അദ്ധ്യാപക-രക്ഷകർതൃ സംഘടനയ്ക്ക് ഉത്തരവാദിത്തമുണ്ട്. സ്കൂൾ മാനേജ് മെൻറ് കമ്മിറ്റികളും അദ്ധ്യാപക രക്ഷകർതൃസംഘടനകളും സുതാര്യമായ വിദ്യാലയ സംഘാടനം ഉറപ്പുവരുത്തുന്നു. സമൂഹവും വിദ്യാലയവും തമ്മിലുള്ള പാരസ്പര്യത്തിന് ഏറ്റവും വലിയ ഉദാഹരണമാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയം. ഇതിന്റെ ഫലമെന്നോണം പൊതു വിദ്യാഭ്യാസ രംഗം ഇന്ന് മുന്നേറ്റത്തിന്റെ പാതയിലാണ്. തത്ഫലമായി പൊതു വിദ്യാലയങ്ങളോടുള്ള സമൂഹത്തിന്റെ മനോഭാവത്തിലുണ്ടായ അനുകൂലമായ മാറ്റം പൊതു വിദ്യാലയങ്ങളുടെ സ്വീകാര്യത വർദ്ധിപ്പിച്ചിട്ടുണ്ട്. പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിന് വേണ്ടി സ്വീകരിച്ച ജനകീയമായ രീതി ശാസ്ത്രം വിദ്യാലയങ്ങളുടെയും സമൂഹത്തിന്റെയും പാരസ്പര്യത്തിന് മറ്റൊരു ഉദാഹരണമാണ്. |

സെക്ഷൻ ഓഫീസർ